LIBRARY ARCHIVES Kerala Legislative Assembly

പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന റോഡുകളുടെ ഗുണനിലവാരം

278(4910) ശ്രീ. കെ. അജിത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമരാമത്ത് വകുപ്പിന്റെ മേൽനോട്ടത്തിൽ പണിയുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പ് വരുത്തുന്നതിന് നിലവിലെ നിബന്ധനകൾ അനുസരിച്ച് എന്തെല്ലാം മാർഗങ്ങളാണ് സ്വീകരിക്കുന്നതെന്നും നിബന്ധനകൾ ലംഘിച്ചാലുണ്ടാകുന്ന നടപടികൾ എന്തെല്ലാമെന്ന് വെളിപ്പെടുത്തുമോ;

(ബി) പി.ഡബ്ലു.ഡി റോഡുകൾ നിശ്ചിത കാലാവധിക്കു മുമ്പ് ദുർബലമായാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ നിബന്ധനകൾ എന്നുമുതൽ നിലവിൽ വന്നതാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുമരാമത്ത് വകുപ്പിന്റെ മേൽനാട്ടത്തിൽ പണിയുന്ന റോഡുകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുന്നതിന് 14 ജില്ലകളിലും ക്വാളിറ്റി കൺട്രോൾ ലബോറട്ടറികൾ സ്ഥാപിച്ചിട്ടുണ്ട്. ലാബുകളിലെ ഉദ്യോഗസ്ഥർ പ്രവൃത്തി നടക്കുന്ന സ്ഥലങ്ങളിൽ 'റാൻഡം' സന്ദർശനം നടത്തി നിശ്ചിത അളവിലുള്ള സാമ്പിളുകൾ ശേഖരിക്കുകയും, പ്രവൃത്തി സ്ഥലത്തുവച്ച് പരിശോധിക്കാനുള്ളത് അവിടെവച്ചും, ബാക്കിയുള്ളവ ഗുണനിലവാര പരിശോധന ലാബുകളിൽ വച്ചും പരിശോധന നടത്തുന്നു. പരിശോധനാഫലങ്ങൾ ബന്ധപ്പെട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർമാർക്കും ചീഫ് എഞ്ചിനീയർമാർക്കും അയച്ചുകൊടുക്കുന്നു. ഗുണനിലവാര നിയന്ത്രണ വിഭാഗത്തിന്റെ പരിശോധനയ്ക്ക് വിധേയമായും അവരുടെ ടെസ്റ്റ് സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുമാണ് കരാറുകാരുടെ ബിൽ പാസ്സാക്കി നൽകുന്നത്. നിബന്ധന ലംഘിച്ചാൽ കരാറുകാരന്റെ ബില്ലിൽ നിന്നും നഷ്ടപരിഹാരതുക ഈടാക്കുന്നതാണ്. ദേശീയപാതാ വിഭാഗത്തിലെ പ്രധാന നിർമ്മാണ പ്രവർത്തനങ്ങളുടെ കരാറുകൾ സ്റ്റാൻഡേർഡ് ബിഡ്ഡിംഗ് ഡോക്യുമെന്റിലെ നിബന്ധനകൾക്ക് അനുസരിച്ചാണ്. പ്രസ്തുത ഡോക്യുമെന്റിലെ നിബന്ധനകൾ പ്രകാരം പ്രവൃത്തികളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഗുണനിലവാര പരിശോധനയ്ക്ക് ആവശ്യമായ എല്ലാ സംവിധാനങ്ങളോടും കൂടിയ ലബോറട്ടറി സംവിധാനങ്ങൾ കരാർ പ്രകാരം കോൺട്രാക്ടർ സൈറ്റിൽ

സ്ഥാപിക്കേണ്ടതും ടെസ്റ്റുകൾ നടത്തി ഗുണനിലവാരം ഉറപ്പാക്കേണ്ടതുമാണ്. കൂടാതെ 40 മി.മീ. വരെ ഘനം വരുന്ന നിർമ്മാണ പ്രവൃത്തികൾക്ക് 1 വർഷവും അതിൽ കൂടുതൽ ഘനം വരുന്ന ബിറ്റുമിൻ പ്രവൃത്തികൾക്ക് 3 വർഷം ഡിഫക്ട് ലയബിലിറ്റി പിരീഡും ബാധകമാക്കിയിട്ടുണ്ട്. ഈ കാലഘട്ടത്തിൽ വരുന്ന പ്രവൃത്തിയിലെ തകരാറുകൾ കരാറുകാരന്റെ ചെലവിൽ ചെയ്ത് ശരിയാക്കേണ്ടതാണ്.

(ബി) നിശ്ചിത കാലാവധിയ്ക്കകം റോഡ് തകരുകയാണെങ്കിൽ പ്രവൃത്തി ചെയ്ത കരാറുകാരനെ കൊണ്ട് തന്നെ തകരാർ പരിഹരിക്കാൻ വ്യവസ്ഥയുണ്ട്. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം വകുപ്പ് തലത്തിൽ അന്വേഷണം നടത്തി അച്ചടക്ക നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) ക്വാളിറ്റി സർട്ടിഫിക്കറ്റുകളും മറ്റ് നിബന്ധനകളും 1-9-2014 മുതൽ നിർബന്ധമാക്കി കൊണ്ട് സർക്കാർ സർക്കുലർ നമ്പർ 10434/സി3/2014/ പൊ.മ.വ. തീയതി 4-9-2014 പുറപ്പെടുവിച്ചിട്ടുണ്ട്.

ചങ്ങനാശ്ശേരി ബൈപ്പാസ്സിൽ എസ്.എച്ച്. ജംഗ്ഷന്റെ വിപുലീകരണം

279(4911) <u>ശ്രീ. സി. എഫ്. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ബൈപ്പാസ്സിൽ എസ്.എച്ച്. ജംഗ്ഷന്റെ വിപുലീകരണം സംബന്ധിച്ചുള്ള ജോലി ഇപ്പോൾ ഏതുഘട്ടത്തിലാണ്;

(ബി) ഭൂമിയേറ്റെടുക്കൽ നടപടി അവസാന ഘട്ടത്തിലായെങ്കിൽ നിർമ്മാണം സംബന്ധിച്ച പ്ലാനും എസ്റ്റിമേറ്റും കൂടി തയ്യാറാക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അപകടങ്ങൾ കൂടുതലുണ്ടാകുന്ന ജംഗ്ഷനായതുകൊണ്ട് നിർമ്മാണ നടപടികൾ സമയ ബന്ധിതമായി തീർക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്ഥലമെടുപ്പ് നടപടികൾ പുരോഗമിക്കുന്നു. സ്ഥലമെടുപ്പിന് ആവശ്യമായ ഫണ്ട് ലഭ്യമാണ്. D.D. ഉടൻ തന്നെ L.A. തഹസീൽദാർക്ക് കൈമാറുന്നതാണ്.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

(സി) ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തീകരിച്ചതിനു ശേഷം നിർമ്മാണ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly